LIBRARY ARCHIVES Kerala Legislative Assembly

കായിക താരങ്ങൾക്ക് പ്രത്യേക റിക്രൂട്ട്മെന്റ് പദ്ധതി

12 (*189) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല കായിക രംഗങ്ങളിലും മികവ് തെളിയിച്ചിട്ടുള്ള കായിക താരങ്ങൾ കൂടുതൽ മെച്ചപ്പെട്ട പരിശീലന സൗകര്യങ്ങളും തൊഴിൽ സാഹചര്യങ്ങളും തേടി മറ്റ് സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു തടയുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കായിക താരങ്ങൾക്കു വേണ്ടി പ്രത്യേകം റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. വർഷം തോറും 20 (ഇരുപത്) കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകി വരുന്നു. ദേശീയ/അന്തർദ്ദേശീയ മത്സര വിജയികൾക്ക് വർദ്ധിപ്പിച്ച തോതിൽ ക്യാഷ് അവാർഡ് നൽകി വരുന്നു. അന്തർദ്ദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളും, കളിയുപകരണങ്ങളും കായിക താരങ്ങളുടെ മികച്ച പരിശീലനത്തിനായി ഏർപ്പാടാക്കി വരുന്നു. വിദേശ കോച്ചുമാരെ കൊണ്ടും സായിയുടെ മികച്ച പരിശീലകരെ കൊണ്ടും കേരളത്തിലെ കായിക താരങ്ങൾക്കും പരിശീലകർക്കും വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും മികച്ച കായിക താരങ്ങൾക്ക് ജോലി നൽകി വരുന്നു.

(സി) കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ് വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. ഇതനുസരിച്ച് ഒരു വർഷം 20 (ഇരുപത്) തസ്തികകൾ സംവരണം ചെയ്തിട്ടുണ്ട്.

ഭൂഗർഭ ജല മലിനീകരണ പരിശോധന

13 (*190) ശ്രീ. പി. സി. ജോർജ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭൂഗർഭ ജല മലിനീകരണം സംബന്ധിച്ച് പരിശോധിക്കാൻ സുപ്രീം കോടതി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; ഏതെല്ലാം സ്ഥലങ്ങളിലാണ് സമിതി പരിശോധന നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജല മലിനീകരണ പ്രശ്നം സംബന്ധിച്ച് പരിശോധനയ്ക്കു ശേഷം സമിതിയുടെ നിഗമനം എന്തായിരുന്നു?